ഉത്തരം

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് സംസ്ഥാനത്തൊട്ടാകെയായി ഇപ്പോൾ 17 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പേരും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

1.	ഹെഡ്ഓഫീസ്, തിരുവനന്തപുരം	– 130
2.	റിപ്രോഗ്രാഫിക് കോംപ്ലക്സ്, തിരുവനന്തപുരം	– 327
3.	ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം	– 30
4.	പബ്ലിക്കേഷൻ ഡിവിഷൻ, തിരുവനന്തപുരം	– 17
5.	ആഡിയോ വിഷ്വൽ വിംഗ്, തിരുവനന്തപുരം	– 15
6.	സബ്സെന്റർ, കൊല്ലം	– 47
7.	സബ്സെന്റർ, പത്തനംതിട്ട	– 24
8.	സബ്സെന്റർ, ആലപ്പുഴ	– 35
9.	സബ്സെന്റർ, എറണാകുളം	– 45
10.	സബ്സെന്റർ, കോഴിക്കോട്	– 47
11.	സബ്സെന്റർ, തിരൂർ	– 29
12.	സബ്സെന്റർ, കോട്ടയം	– 62
13.	സബ്സെന്റർ, തൊടുപുഴ	– 57
14.	എക്സ്റ്റൻഷൻ സെന്റർ, അഞ്ചൽ	– 38
15.	എക്സ്റ്റൻഷൻ സെന്റർ, ഈരാറ്റുപേട്ട	– 56
16.	എക്സ്റ്റൻഷൻ സെന്റർ, കടുത്തുരുത്തി	– 30
17.	എക്സ്റ്റൻഷൻ സെന്റർ, വടകര	– 8

(ബി) കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ സെന്ററിൽ പുതിയതായി ആരെയും നിയമിച്ചിട്ടില്ല.

(സി) പി.എസ്.സി. വഴിയും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിക്കപ്പെട്ടവരാരും പ്രസ്തുത സെന്ററിൽ ഇല്ല. എല്ലാ നിയമനങ്ങളും സെന്റർ നേരിട്ടാണ് നടത്തുന്നത്. വിവിധ തസ്തികകളിൽ റഗുലർ/കോൺട്രാക്ട്/ദിവസക്കൂലി വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

79 (1297) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇതിന്റെ എത്ര പ്രാദേശിക സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

(സി) ഈ സെന്ററുകളിൽ ഇപ്പോൾ നടത്തിവരുന്ന കോഴ്സുകൾ ഏതൊക്കെയാണ്;

(ഡി) ഈവർഷം പുതിയ പ്രാദേശിക സെന്ററുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ കോളേജുകൾ ഒന്നും ഇല്ലാത്ത ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ കോഴ്സുകൾ പാസ്സായിവരുന്ന കുട്ടികൾക്കുള്ള തൊഴിൽ സാദ്ധ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം പ്രധാനമായും ട്രെയിനിംഗ്, വാണിജ്യപരം എന്നീ രണ്ടു മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു.

ഇലക്ട്രോണിക്, കമ്പ്യൂട്ടർ, പ്രിന്റിംഗ് & റിപ്രോഗ്രാഫി ഉപകരണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലനവും പ്രിന്റിംഗ് ആന്റ് റിപ്രോഗ്രാഫി ഉപകരണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വാണിജ്യപരമായ പ്രവർത്തനങ്ങളുമാണ് സെന്റർ നടത്തിവരുന്നത്.

(ബി) പതിമൂന്ന്.

(സി) ഓഫ്സെറ്റ് പ്രിന്റിംഗ്, കമ്പ്യൂട്ടർ & ഡി.ടി.പി., ഓഫീസ് ഓട്ടോമേഷൻ & സെയിൽസ്മാൻഷിപ്പ്, ഇലക്ട്രോണിക് ടൈപ്പിംഗ്, വേർഡ് പ്രോസസിംഗ് & ഡാറ്റാ എൻട്രി ഓപ്പറേഷൻ എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും മോഡേൺ റിപ്രോഗ്രാഫിക് എക്യുപ്മെന്റ്, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ഫോട്ടോ കോപ്പിയർ, ഫാക്സ് കമ്പ്യൂട്ടറൈസ്ഡ് ടെലക്സ്, ട്രെയിനിംഗ് ഇൻ ഡി.ടി.പി. ഡാറ്റാ എൻട്രി & കൺസോൾ ഓപ്പറേഷൻ, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ട്രെയിനിംഗ് ഇൻ മൾട്ടീമീഡിയ എന്നീ ഷോർട്ട് ടേം കോഴ്സുകളുമാണ് സെന്റർ നടത്തിവരുന്നത്.

(ഡി) ഈ സാമ്പത്തികവർഷത്തിൽ പുതിയതായി സബ്സെന്ററുകൾ തുടങ്ങുന്നില്ല.

(ഇ) ഈ സ്ഥാപനത്തിലുണ്ടാകുന്ന പല തസ്തികകൾക്കും ഇവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. ഡി.ടി.പി. ഓപ്പറേറ്റർ, ഇലക്ട്രോണിക് ടൈപ്പ് ഓപ്പറേറ്റർ, റിപ്രോഗ്രാഫിക് അസിസ്റ്റന്റ്, ട്രേഡ് ഇൻസ്ട്രക്ടർ, ഹെൽപ്പർ (പ്രിന്റിംഗ്), സെയിൽസ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾക്കും സെന്ററിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒരു യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

സെന്റർ നടത്തുന്ന ഈ കോഴ്സുകളെല്ലാം തൊഴിലധിഷ്ഠിതങ്ങളാണ്. അതിനാൽ ഈ കോഴ്സുകൾ പാസ്സാകുന്നവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനോ, വിദേശത്തോ, ഇന്ത്യയ്ക്കകത്തോ തൊഴിൽ നേടുന്നതിന് കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly